"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി(എച്ച്)വകുപ്പ്- കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് ലിമിറ്റഡ് -കോവിഡ് 19 മഹാമാരി കാരണം പൊതുവിദ്യാഭ്യാസം സാധ്യമാകാത്ത സാഹചര്യത്തിൽ വിദ്യാർഥി/വിദ്യാർഥിനികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി ആരംഭിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ 'കെ.എസ്.എഫ്.ഇ വിദ്യാശ്രീ' - പരിഷ്കരിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എച്ച്) വകുപ്പ്

**സ.ഉ.(സാധാ) നം.570/2020/നി.വ** തീയതി,തിരുവനന്തപുരം, 08/09/2020

പരാമർശം:- 03/07/2020 ലെ സ.ഉ(കൈ)നം.61/2020/നി.വ.

<u>ഉത്തരവ്</u>

കോവിഡ് 19 മഹാമാരി കാരണം പൊതുവിദ്യാഭ്യാസം സാധ്യമാകാത്ത സാഹചര്യത്തിൽ വിദ്യാർഥി/വിദ്യാർഥിനികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി കുടുംബശ്രീയുമായി ചേർന്ന് ഒരു സൂക്ഷ്മ സമ്പാദ്യ പദ്ധതി 'കെ.എസ്.എഫ്.ഇ വിദ്യാശ്രീ' എന്ന പേരിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശ ഉത്തരവ് ചുവടെ പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച ഉത്തരവാകുന്നു.

1)കുടുംബശ്രീ മുഖേന കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് താല്പര്യ പത്രം (Expression of interest) ക്ഷണിക്കേണ്ടതുണ്ട്.

2)ഒന്നിലധികം കമ്പനികൾ ഉണ്ടെങ്കിൽ ഉപഭോക്താവിൻറെ താല്പര്യാനുസരണമായിരിക്കണം ലാപ് ടോപ് തെരഞ്ഞെടുക്കേണ്ടത്. (choice will be available to the customers).

3) സർക്കാർ നൽകുന്ന സ്പെസിഫിക്കേഷനു തുല്യമായതോ അതിൽ കൂടുതലായതോ ആയ സ്പെസിഫിക്കേഷനുള്ള, 15,000/- രൂപയ്ക്ക് താഴെയുള്ള മോഡൽ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. ഒരു കമ്പനിയിൽ നിന്നും ഒരു മോഡൽ മാത്രമേ നിർദ്ദേശിക്കാനാവൂ.

4) വില സാധുത (price validity) 2021 മാർച്ച് 31 വരെയോ സർക്കാർ ദീർഘിപ്പിക്കുന്ന കാലാവധി തീരുന്ന മുറയ്ക്കോ നിശ്ചയിക്കേണ്ടതാണ്.

5)കുടുംബശ്രീ മുഖേന ചിട്ടിയിൽ പങ്കെടുക്കുന്നവരിൽ ലാപ് ടോപ് വേണ്ടവരുടെ എണ്ണം 5 ലക്ഷം ആയി നിജപ്പെടുത്തേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി കെ.എസ്.എഫ്.ഇ അഡ്വാൻസ് ചെയ്യുന്ന തുകയ്ക്കുള്ള പലിശ നൽകുന്നതാണ്.

6)ഇതുമായി ബന്ധപ്പെട്ട പോർട്ടൽ എല്ലാ ഉപഭോക്താക്കൾക്കും പ്രാപ്യമാകുന്ന രൂപത്തിലായിരിക്കണം. ഇതിന് ഉപയുക്തമായ ഒരു ലഘുലേഖ ഐ.റ്റി വകുപ്പ് തയ്യാറാക്കേണ്ടതാണ്.

7)ഉപഭോക്താക്കൾക്ക് വാറണ്ടി സംബന്ധമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ OEM(Orginal Equipment Manufacture)തന്നെ പരിഹരിച്ച നൽകേണ്ടതാണ് . ഈ സേവനത്തിനായി കുടുംബശ്രീയുടെ 10 ഉദ്യോഗസ്ഥരെ OEM മുഖേന പരിശീലനം നൽകി നിയമിക്കേണ്ടതും അവരുടെ സേവനത്തിനുള്ള വേതനം OEM വഹിക്കേണ്ടതുമാണ് .

8)ടെൻഡർ തീരുമാനവുമായി ബന്ധപ്പെട്ട അനന്തര നടപടികൾ IT വകുപ്പ് സ്വീകരിക്കേണ്ടതാണ് .

9)മേൽ പദ്ധതിക്കാവശ്യമായ തുക '7465-00-190-99-കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻററർപ്രൈസസ് ക്ലിപ്തം(NV)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

10)'കെ.എസ്.എഫ്.ഇ - വിദ്യാശ്രീ' പദ്ധതിയുമായി ബന്ധപ്പെട്ട '7465-00-190-99-കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ക്ലിപ്തം(NV)' എന്ന ശീർഷകത്തിൽ നിന്നും 50 കോടി രൂപ വായ്പായിനത്തിൽ അധിക ധനാനുമതിയായി ആദ്യ ഗഡുവായി മുൻകൂർ കണക്കിനത്തിൽ കെ.എസ്.എഫ്.ഇക്ക അനുവദിച്ച് ഉത്തരവാകുന്നു. മുൻകൂറായി അനുവദിക്കുന്ന തുക ക്രമപ്പെടുത്തുന്നതിനായി സബ്സിഡി ഇനത്തിലെ യഥാർത്ഥ ചെലവ് സംബന്ധിച്ച കണക്കുകൾ അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ വഴി ധനവകുപ്പിൽ ലഭ്യമാക്കുന്നതിനുള്ള അനുയോജ്യമായ നിർദ്ദേശം ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കു മാനേജിംഗ് ഡയറക്ടർ കെ.എസ്.എഫ്.ഇ നൽകേണ്ടതാണ്.

പരാമർശ ഉത്തരവ് മേൽ വ്യവസ്ഥകളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :

മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ., തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ(എ&ഇ),(ഇ&ആർ.എസ്.എ)കേരള, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പ്.

പൊതു വിദ്യാഭ്യാസ വകുപ്പ്.

പൊതു ഭരണ (ഏകോപനം)വകുപ്പ്

മത്സ്യബന്ധന വകുപ്പ്.

റവന്യൂ വകുപ്പ്.

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്.

ധനകാര്യ വകുപ്പ്. (ഫയൽനം.PU-C2/82/2020-FIN, തിയതി-23/08/2020 പ്രകാരം)

പൊതു ഭരണ (എസ് .സി )വകുപ്പ് .

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

ഇലക്ട്രോണിക്സും വിവരസാങ്കേതികവും വകുപ്പ്

സി.ഇ.ഒ, കൈറ്റ് (പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ